## ലേബർ കമ്മീഷണറുടെ നടപടിക്രമം

(ഹാജർ : സഫ്ന നസറുദ്ദീൻ ഐ എ എസ്)

| | |
|---|---|
| വിഷയം: | തൊഴിൽ വകുപ്പ് – സ്ഥാപനകാര്യം – ജോലിസ്ഥലത്തെ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികപീഡനം (തടയലും നിരോധനവും പരിഹാരവും) നിയമം 2013 - ആഭ്യന്തര പ്രശ്നപരിഹാര സമിതി (Internal Complaints Committee) യിൽ അംഗമായിരുന്ന ശ്രീ.ഡബ്ല്യൂ.ആർ.പ്രമോദ് കുമാറിന് പകരം അസിസ്റ്റന്റ് ലേബർ ഓഫീസർ (ആസ്ഥാനം) ശ്രീ.അരുൺ.പി യെ ഉൾപ്പെടുത്തി ഉത്തരവാകുന്നു. |
| വായന: | 1. 01.03.2023 തീയതിയിലെ LCO/542/2023/E3 നമ്പർ നടപടിക്രമം.<br>2. 24.07.2024 തീയതിയിലെ LCO/273/2023-E4 നമ്പർ നടപടിക്രമം.<br>3. 08.10.2024 തീയതിയിലെ LCO/1739/2023-E4 നമ്പർ നടപടിക്രമം |

**ഉത്തരവ് നമ്പർ LCO-542/2023-E(3) തീയതി : 24-10-2024**

ജോലിസ്ഥലത്തെ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികപീഡനം (തടയലും നിരോധനവും പരിഹാരവും) നിയമം 2013 ലെ വകുപ്പ് 4 ന് വിധേയമായി രൂപീകരിച്ച ആഭ്യന്തര പ്രശ്നപരിഹാര സമിതി (Internal Complaints Committee) വായന (1) പ്രകാരം പുനഃസംഘടിപ്പിച്ച് ഉത്തരവായിരുന്നു. ടി സമിതിയിൽ അംഗമായിരുന്ന അസിസ്റ്റന്റ് ലേബർ ഓഫീസർ (ആസ്ഥാനം) ശ്രീ.ഡബ്ല്യൂ.ആർ.പ്രമോദ് കുമാറിനെ, വായന (2) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന്, ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്യുകയും തൽസ്ഥാനത്ത് ശ്രീ.അരുൺ.പി, അസിസ്റ്റന്റ് ലേബർ ഓഫീസർ (ആസ്ഥാനം) വായന (3) പ്രകാരം ചുമതലയേൽക്കുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, വായന (1) പ്രകാരം പുനഃസംഘടിപ്പിച്ച ആഭ്യന്തര പ്രശ്നപരിഹാര സമിതി (Internal Complaints Committee) യിൽ അംഗമായിരുന്ന ശ്രീ.ഡബ്ല്യൂ.ആർ.പ്രമോദ് കുമാറിനെ ഒഴിവാക്കിക്കൊണ്ടും പകരം അസിസ്റ്റന്റ് ലേബർ ഓഫീസർ (ആസ്ഥാനം) ശ്രീ.അരുൺ.പി യെ അംഗമായി സമിതിയിൽ ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

വായന (1) ലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

Safna Nazarudeen

LABOUR COMMISSIONER

എല്ലാ അംഗങ്ങൾക്കും

എല്ലാ ജീവനക്കാർക്കും (വെബ് സൈറ്റ് മുഖേന)

പകർപ്പ്:- 1) ലേബർ കമ്മീഷണറുടെ പി.എ

2) ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ

പ്രകാരം

സീനിയർ സൂപ്രണ്ട് (ഇ)